


**Week 9 (February 11_2024)**

1)What was the Christology proposed by Hnana?
Christology of composite hypostasis.
2)Who was the East Syriac Father who fought against the Christology of Hnana?
Mar Babai the Great.
3)Who is the author of "The Book of Union"?
Mar Babai.
4)What is the theme of "The Book of Union"?
It is a synthesis between Mar Theodore's Christological vision and that of Mar Nestorius.

5)"When Alaha the Word in a sublime manner became one with this particular nature of our humility, from the very beginning of it's formation, and forevermore he made it one hypostasis and one person with Himself, by a wondrous and ineffable union andfilled it with the glory of his divinity. And in its form he was seen by creation: 'They beheld!, it says, 'His glory, the glory of the Only-Begotten of the Father, full of grace and truth". Who professed this Christology?
Sahdona.

6) Who is considered par excellence and the pillar of orthodoxy?
Mar Thedore of Mopsueatia

7)Who developed systematic theology of two nature in M'Shiha?
Mar Theodore of Mopsueatia

8) What did Mar Aprem view the incarnation as, and what was the motivation behind it according to his perspective?
Aprem saw the incarnation as the self-emptying of God, driven by His immense love for humanity.

9) How does Thedore emphasize the true humanity, and what does he suggest about the independence of M'shiha's humanity?

Thedore emphasizes the true humanity by expressing the independence of M'shiha's humanity, asserting that there is a perfect conjunction in the person of M'shiha, yet distinct natures where God the Word condescended for salvation through the medium of humanity.

10) What does Theodore consider almost equivalent when it comes to philosophical terms like ousia, physis, and hypostasis, and how does he differentiate them?
Theodore views ousia and physis as nearly interchangeable, both representing nature in a broad sense, while hypostasis refers to a specific manifestation of a particular nature. Additionally, he associates prosopon with expressing the being.

11) How does Aprem convey the intimate union of the two natures through the language of painting?
Aprem achieves this by likening God to a painter who, like mixing pigments for painting, unites divinity and humanity in a seamless blend.

12) What does Hymns on Virginity 29,1 says?
The Word of the Most High came down and put on a weak body"

13) How does Ephrem describe the various births of M'shiha, and what significance does he attribute to each of them?
Ephrem describes M'shiha's multiple births, emphasizing his eternal birth from the Father, earthly birth from the Virgin, baptismal birth from the river, resurrection from the tomb, and the symbolic rebirth in the minds and hearts of believers. Ephrem views the name ' Isho' not merely as a label for M'shiha's nature but as representative of his saving deeds, particularly in freeing people from sins, as foretold during the Annunciation.

14) Whose theological and exegetical tradition did Narsai follow?
Narsai followed the theological and exegetical tradition of Diodorus and Theodore of Mopsuestia of the Antiochene School.

15) Whose quote is this "Let not the reader think, in reading 'Man' that I mean two sons, for the Son is one indeed"?
Mar Narsai

16) In Babai the Great's interpretation around AD 628, how does he describe Isho M'shiha, the Son of Alaha, in terms of nature within the Qnome?
According to Babai the Great's interpretation, Isho, the Son of Alaha, is described as the one Parsopa having the two natures in their proper Qnome.

17) Who was the first in the Persian Church to write a major Christological work?
Babai was the first in the Persian Church to write a major Christological work.

18) What is the primary source for understanding the Christological teaching of Babai?
The Christological teaching of Babai is primarily contained in his work, the Book of Union.

19) Why did Nestorius prefer the term 'Christotokos' over 'Theotokos' for expressing Mary's

role as the Mother of M’shiha ?
Nestorius believed 'Christotokos' eliminated potential blasphemy and malice associated with non-biblical terms like 'Theotokos,' but his stance led to misinterpretation and his eventual label as a heretic.

20) What theological aspects does the East Syriac liturgy focus on, particularly in relation to Christ, Christology, and the mystery of Resurrection?
The East Syriac liturgy delves into a theological synthesis, addressing the person and function of Christ, emphasizing both ontological and functional Christology, and highlighting the mystery of Resurrection.

**Week 9 (February 11_2024)**

1. ഹ്നാന നിർദ്ദേശിച്ച ക്രിസ്റ്റോളജി എന്താണ്?
സമ്മിശ്രമായ ഹൈപ്പോസ്റ്റാസിസിന്റെ ക്രിസ്റ്റോളജി.

2. ഹ്നാനയുടെ ക്രിസ്റ്റോളജിയ്ക്കെതിരെ പോരാടിയ പൗരസ്ത്യ സുറിയാനി പിതാവ് ആരായിരുന്നു?
മഹാനായ മാർ ബാബായി.

3. 'ദ് ബുക്ക് ഓഫ് യൂണിയൻ' എന്ന പുസ്തകത്തിന്റെ രചയിതാവ് ആരാണ് ?
മാർ ബാബായി.

4. 'ദ് ബുക്ക് ഓഫ് യൂണിയൻ' എന്നതിന്റെ പ്രമേയം എന്താണ് ?
മാർ തെയഡോറിന്റെയും മാർ നെസ്തോറിയസ്സിന്റെയും മിശിഹാ ദർശനങ്ങളുടെ സമന്വയം.

5. "ആലാഹാ എന്ന വചനം മഹത്തായ രീതിയിൽ നമ്മുടെ എളിമയുടെ ഈ പ്രത്യേക പ്രകൃതവുമായി ഒന്നായപ്പോൾ അതിന്റെ രൂപികരണത്തിന്റെ ആരംഭം മുതൽ അവൻ അതിശയകരവും ഒഴിവാക്കാനാവത്തതുമായ ഐക്യം വഴി അതിനെ എന്നേയ്ക്കുമായി ഒരു ഹൈപ്പോസ്റ്റാസിസും തന്നോടു തന്നെ ഒരു വ്യക്തിയാക്കുകയും അത് തന്റെ ദൈവികതയുടെ മഹത്ത്വത്താൽ നിറയ്ക്കുകയും ചെയ്തു. സൃഷ്ടിയിൽ അവൻ അതിന്റെ രൂപത്തിൽ കാണപ്പെട്ടു: അവർ കണ്ടു: അതു പറയുന്നു, അവന്റെ മഹത്വം, പിതാവിന്റെ ഏകജാതന്റെ മഹത്വം, കൃപയും, സത്യവും നിറഞ്ഞത്." ആരാണ് ഈ ക്രസ്റ്റോളജി പരസ്യമായി പ്രഖ്യാപിച്ചതാര്?
സഹ്ദോന.

6. യഥാസ്ഥിതിക വിശ്വാസ സ്തംഭമായും സമുന്നതനായും കരുതുന്നത് ആരെ?
മെപ്സുഎസ്ത്യായിലെ മാർ തെയഡോർ.

7. മിശിഹായിലെ രണ്ടു പ്രകൃതത്തിന്റെ ദൈവശാസ്ത്രം വികസിപ്പിച്ചതാര്?
മെപ്സുഎസ്ത്യായിലെ മാർ തെയഡോർ.

8. മാർ അപ്രേം മനുഷ്യാവതാരത്തെ എന്തായിട്ടാണ് വീക്ഷിച്ചത്, അദ്ദേഹത്തിന്റെ വീക്ഷണത്തിൽ അതിന്റെ പിന്നിലെ പ്രചോദനം എന്തായിരുന്നു?
മനുഷ്യവംശത്തോടുള്ള അളവറ്റ സ്നേഹത്താൽ നയിക്കപ്പെടുന്ന ദൈവത്തിന്റെ സ്വയം ശൂന്യവത്കരണമായാണ് മാർ അപ്രേം മനുഷ്യാവതാരത്തെ കണ്ടത്.

9. തെയഡോർ എപ്രകാരമാണ് യഥാർത്ഥ മനുഷ്യത്യത്തെ ഊന്നിപറഞ്ഞത്; മിശിഹായുടെ മനുഷ്യത്വത്തിന്റെ സ്വാതന്ത്ര്യത്തെപ്പറ്റി എന്താണ് നിർദ്ദേശിക്കുന്നത്?

മിശിഹായുടെ മനുഷ്യത്വത്തിന്റെ സ്വാതന്ത്ര്യം പ്രകടിപ്പിക്കുന്നതിലൂടെ തെയഡോർ യഥാർത്ഥ മനുഷ്യത്വം ഊന്നിപ്പറയുന്നു. മിശിഹാ എന്ന വ്യക്തിയിൽ ഒരു പൂർണ്ണ സംയോജനയുണ്ടെന്ന് ഉറപ്പിച്ചു പറയുന്നു; എന്നാൽ വചനമായ ദൈവം മനുഷ്യത്വം എന്ന മാദ്ധ്യമം വഴിയുള്ള രക്ഷയ്ക്കായി ഇറങ്ങിത്തിരിച്ചപ്പോഴുള്ള രണ്ടു പ്രകൃതങ്ങളുമുണ്ട്.

10. ഊസിയ, ഫിസിസ്, ഹെപ്പോസ്റ്റാസിസ് തുടങ്ങിയ താത്വശാസ്ത്ര പദങ്ങളുടെ കാര്യത്തിൽ തെയഡോർ ഏതാണ്ട് തുല്യമായി കണക്കാക്കുന്നത് എന്താണ്? അദ്ദേഹം അവയെ എങ്ങനെ വേർതിരിക്കുന്നു?
ഊസിയായേയും, ഫിസിസിനെയും തെയഡോർ ഏന്താണ്ട് പരസ്പരം മാറ്റാവുന്നവയായി വീക്ഷിക്കുന്നു. രണ്ടും വിശാലമായ അർത്ഥത്തിൽ പ്രകൃതത്തെ പ്രതിനിധികരിക്കുന്നു. എന്നാൽ ഹൈപ്പോസ്റ്റാസിസ് ഒരു പ്രത്യേക പ്രകൃതത്തിന്റെ സവിശേഷമായ വെളിപ്പെടുത്തലിനെ സൂചിപ്പിക്കുന്നു. കൂടാതെ ഉൺമ അവതരിപ്പിക്കുന്നതുമായി പ്രോസോപോണിനെ ബന്ധിപ്പിക്കുന്നു.

11. രണ്ടു പ്രകൃതങ്ങളുടെ ആത്മബന്ധത്തെ ചിത്രകലയുടെ ഭാഷയിലൂടെ അപ്രേം എപ്രകാരമാണ് സംവദിക്കുന്നത്?
ചിത്രകലയ്ക്ക് വർണ്ണങ്ങൾ കലർത്തുന്നതു പോലെ ദൈവത്വവും മനുഷ്യത്വവും തടസ്സങ്ങളില്ലാതെ സമന്വയിപ്പിച്ച ഒരു ചിത്ര കലാകാരനോട് ദൈവത്തെ സാദൃശ്യപ്പെടുത്തിയാണ് അപ്രേം ഇതവതരിപ്പിച്ചത്.

12. കന്യാത്വ ഗീതങ്ങൾ 29:1 എന്താണ് പറയുന്നത്?
"അത്യുന്നതന്റെ വചനം ഇറങ്ങിവന്ന് ഒരു ദുർബല ശരീരം ധരിച്ചു"

13. മിശിഹായുടെ വിവിധ ജനനങ്ങളെ എഫ്രേം എങ്ങനെ വിവരിക്കുന്നു; അവയിൽ ഓരോന്നിനും എന്തു പ്രാധാന്യമാണ് നല്കുന്നത്?
എഫ്രേം മിശിഹായുടെ വിവിധതരം ജനനങ്ങളെ വിവരിക്കുന്നു; പിതാവിൽ നിന്നുള്ള നിത്യജനനത്തിന് ഊന്നൽ നല്കുന്നു; കന്യകയിൽ നിന്നുള്ള ഭൗമികജനനം, നദിയിൽ നിന്നുള്ള മാമ്മോദീസാ ജനനം, കല്ലറയിൽ നിന്നുള്ള ഉത്ഥാനം , വിശ്വാസികളുടെ മനസ്സിലും ഹൃദയത്തിലുമുള്ള പ്രതീകാത്മകമായ പുനർജനനം. എഫ്രേം ഈശോ എന്ന നാമത്തെ മിശിഹായുടെ സ്വഭാവത്തിന്റെ ഒരു അടയാളമായല്ല മറിച്ച് അവന്റെ രക്ഷകർമ്മങ്ങളുടെ പ്രതിനിധിയായാണ് വീക്ഷിക്കുന്നത്, പ്രത്യേകിച്ച് മംഗളവാർത്തയിൽ മുൻകൂട്ടി പറഞ്ഞതുപോലെ പാപങ്ങളിൽ നിന്ന് ജനത്തെ മോചിപ്പിക്കുന്നതിൽ.

14. ആരുടെ ദൈവശാസ്ത്ര വ്യാഖ്യന പാരമ്പര്യമാണ് നർസായി പിന്തുടരുന്നത്?
അന്ത്യോക്യൻ സ്കൂളിലെ ദിയദോറസിന്റെയും മെപ്സുഎസ്ത്യായിലെ തെയഡോറിന്റെയും പാരമ്പര്യം.

15. "മനുഷ്യൻ എന്നു വായിക്കുമ്പോൾ ഞാൻ രണ്ടു പുത്രർ എന്നാണ് അർത്ഥമാക്കിയത് എന്ന് വായനക്കാരൻ കരുതാതിരിക്കട്ടെ; എന്തെന്നാൽ പുത്രൻ ശരിക്കും ഒരാളാണ്" ആരുടെ വാക്കുകളാണിത്?

മാർ നർസ്സായി.

16. എഡി 628 നടുത്തുള്ള മഹാനായ മാർ ബാബായിയുടെ വ്യഖ്യാനത്തിൽ ആലാഹായുടെ പുത്രനായ ഈശോ മിശിഹായെ പ്രകൃതത്തിന്റെ അടിസ്ഥാനത്തിൽ ക്നോമയുമായി ബന്ധപ്പെടുത്തി എപ്രകാരമാണ് വിവരിക്കന്നത്?
ആലാഹായുടെ പുത്രനായ ഈശോ അവയുടെ യഥാർത്ഥ ക്നോമയിൽ രണ്ടു പ്രകൃതങ്ങളുള്ള ഒരു പർസോപയായാണ് വിവരിക്കുന്നത്.

17. പേർഷ്യയിലെ സഭയിൽ ക്രിസ്റ്റോളജി സംബന്ധമായ കൃതി ആദ്യമായി എഴുതിയതാര്?
മഹാനായ മാർ ബാബായ്.

18. ബാബായിയുടെ ക്രിസ്റ്റോളജിക്കൽ പഠനങ്ങൾ മനസിലാക്കാനുള്ള പ്രാഥമിക ഉറവിടം ഏതാണ്?
ദ് ബുക്ക് ഓഫ് യൂണിയൻ.

19. മിശിഹായുടെ അമ്മ എന്ന നിലയിൽ മറിയത്തിന്റെ പങ്ക് പ്രകടിപ്പിക്കാൻ 'തെയോറ്റോക്കോസി' നേക്കാൾ ക്രിസ്റ്റോറ്റോക്കോസ് എന്ന പദം നെസ്തോറിയസ്സ് തിരഞ്ഞെടുക്കുന്നത് എന്തുകൊണ്ട്?
തെയോറ്റോക്കോസ് തുടങ്ങിയ ബൈബിൾ ഇതര പദങ്ങളുമായ് ബന്ധപ്പെട്ടു സാധ്യതയുള്ള ദൈവദൂഷണവും ദുരുദ്ദേശവും ക്രിസ്റ്റോറ്റോക്കോസ് ഇല്ലാതക്കുമെന്ന നെസ്റ്റോറിയസ് വിശ്വസിച്ചു. എന്നാൽ അദ്ദേഹത്തിന്റെ നിലപാട് തെറ്റായ വ്യാഖ്യാനത്തിലേക്കും കാലക്രമത്തിൽ പാഷണ്ഡതക്കാരൻ എന്ന പേരിലേക്കും നയിച്ചു.

20. പൗരസ്ത്യ സുറിയാനി ആരാധനക്രമം പ്രത്യേകിച്ച് മിശിഹാ, ക്രിസ്റ്റോളജി പുനരുത്ഥാന രഹസ്യം എന്നവയുമായി ബന്ധപ്പെട്ട് ഏത് ദൈവശാസ്ത്ര പരമായ വശങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്?
പൗരസ്ത്യ സുറിയാനി ആരാധനക്രമം മിശിഹായുടെ വ്യക്തിത്വത്തെയും പ്രവർത്തനങ്ങളേയും അഭിമുഖീകരിച്ച് ദൈവശാസ്ത്രപരമായ സമന്വയത്തിലേക്ക് ആഴ്ന്നിറങ്ങുന്നു. ആന്തരികവും പ്രവർത്തനപരവുമായ ക്രസ്റ്റോളജിക്ക് ഊന്നൽ നല്കി പുനരുത്ഥാനത്തിന്റെ രഹസ്യം ഉയർത്തിക്കാട്ടുന്നു